Draft #9 of File 14708/AC A7/4/2019/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 24-Oct-2019 03:42 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2019-2020 അദ്ധ്യയന വർഷം വിദ്യാർഥികളുടെ അഡ്മിഷൻ, പരീക്ഷ എന്നിവയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 06/05/2019 തീയതിയിൽ സർവ്വകലാശാല അസംബ്ലി ഹാളിൽ നടന്ന സ്വാശ്രയ കോളേജുകളിലെ മാനേജർമാരുടെ മീറ്റിംഗിന്റെ മിനിറ്റ്സ് - അംഗീകരിക്കുന്നത് സംബന്ധിച്ച് :-

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 5166/AC A 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.10.2019

---

പരാമർശം:-1. നോട്ടീസ് നം.എസി എ 7/14708/2019/ എം.ജി.യു. തീയതി 30/04/2019

2.05.10.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം.34/19.08/14708/AcA7/4/2019/VC

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്വാശ്രയ ആർട്സ് ആൻഡ് സയൻസ്, ആർക്കിടെക്ച്ചറൽ, ബിഎഡ്, ലോ & സിപാസ് കോളേജുകളിലെ വിദ്യാർഥികളുടെ 2019-20 അദ്ധ്യയന വർഷത്തെ അഡ്മിഷൻ, പരീക്ഷ, മറ്റിതര കാര്യങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ടി കോളേജുകളിലെ മാനേജർമാരുടെ യോഗം പരാമർശം (1) പ്രകാരം 06.05.2019 ൽ സർവ്വകലാശാല അസംബ്ലി ഹാളിൽ നടന്നു.

മേൽ സൂചിപ്പിച്ച മീറ്റിംഗിന്റെ മിനിറ്റ്സ് അംഗീകരിക്കാൻ പരാമർശം (2) പ്രകാരം 05/10/2019 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

ടി മീറ്റിംഗിന്റെ മിനിറ്റ്സ് (അനുബന്ധം) ഉള്ളടക്കം ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ/ മാനേജർ , അൺ എയ്ഡഡ് - സ്വാശ്രയ കോളേജുകൾ
2. വി.സി./ പി.വി.സിയുടെ പി.എസ് -മാർ
3. രജിസ്ട്രാർ / സി ഇ / എഫ് ഒ യുടെ പി.എ.മാർ
4. ജെ.ആർ.II (ഭരണ വിഭാഗം)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

7. ഡി.ആർ.I (അക്കാദമിക്)

8. എ.ആർ. I (അക്കാദമിക്)

9. എ.സി.സി.1

10. റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #9 of File 14708/AC A7/4/2019/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 24-Oct-2019 03:42 PM - Page 2

## അനുബന്ധം

**2019-2020 അദ്ധ്യയന വർഷത്തിലെ അഡ്മിഷൻ, പരീക്ഷ എന്നിവയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 06.05.2019 തീയതിയിൽ രാവിലെ 10.30-ന് സർവകലാശാല അസ്സംബ്ലി ഹാളിൽ നടന്ന സ്വാശ്രയ കോളേജ് മാനേജർമാരുടെ മീറ്റിംഗിന്റെ മിനിറ്റ്സ്.**

| | | |
|---|---|---|
| സ്വാഗതം | : | ഡോ. പി.കെ. പദ്മകുമാർ (മെമ്പർ സിൻഡിക്കേറ്റ്) |
| ഉത്ഘാടനം | : | ഡോ. എ.എം. തോമസ് (വൈസ് ചാൻസലർ (i/c), മഹാത്മാ ഗാന്ധി സർവകലാശാല) |
| അദ്ധ്യക്ഷൻ | : | അഡ്വ. പി.കെ. ഹരികുമാർ (മെമ്പർ സിൻഡിക്കേറ്റ്) |
| വിഷയാവതരണം | : | ഡോ. ആർ. പ്രഗാഷ് (മെമ്പർ സിൻഡിക്കേറ്റ്) |
| കൃതജ്ഞത | : | ഡോ. പ്രകാശ്കുമാർ ബി. (കൺട്രോളർ ഓഫ് എക്സാമിനേഷൻ (i/c)) |

2019-20 അദ്ധ്യയന വർഷത്തെ പരീക്ഷ, അഡ്മിഷൻ എന്നിവയെ സംബന്ധിച്ച ചർച്ചയിലെ വിഷയാവതരണത്തിൽ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം സമയ ബന്ധിതമായി നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും സർവകലാശാലയുടെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

വളർച്ചക്കായി അദ്ധ്യാപകരും, വിദ്യാർത്ഥികളും, മാനേജ്മെൻറും ഒരുമിച്ച് പ്രവർത്തിക്കണമെന്നും ടി വിഷയവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന 115 സ്വാശ്രയ കോളേജുകളിലെ മാനേജർമാരോട് സിൻഡിക്കേറ്റ് പരീക്ഷ സബ് കമ്മിറ്റി കൺവീനർ അഭ്യർത്ഥിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ തൃക്കാക്കര കെ.എം.എം. കോളേജിലെ മാനേജർ ശ്രീ. കെ.എം. അബുബക്കർ, പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ കേരളത്തിൽ ആരംഭിക്കുന്നത് പബ്ലിക് സെക്ടർ യൂണിവേഴ്സിറ്റികളുടെ നിലനിൽപ്പിനെ ബാധിക്കുന്നതാണ്. ഓട്ടോണമസ് കോളേജുകളുടെ അക്കാദമിക നിലവാരമില്ലായ്മയുടെ ഉത്തരവാദിത്വം സർവകലാശാല ഏറ്റെടുക്കരുത്. യു.ജി.സി. ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകളെ തഴച്ച് വളരാൻ അനുവദിക്കരുത്. സർവകലാശാലയിലെ ഉന്നതാധികാര സമിതികളായ സിൻഡിക്കേറ്റ്, സെനറ്റ് എന്നിവയിൽ സ്വാശ്രയ കോളേജ് പ്രതിനിധികളെ കൂടി ഉൾപ്പെടുത്തണമെന്നും കഴിഞ്ഞ അക്കാദമിക വർഷത്തിൽ 13 തവണ ക്യാപ് അലോട്ട്മെൻറ് നടത്തിയത് സർവകലാശാലയ്ക്ക് അവമതിപ്പ് ഉണ്ടാക്കിയതിനാൽ രണ്ടോ, മൂന്നോ തവണ ക്യാപ് അലോട്ട്മെൻറിന് ശേഷം സ്പോട്ട് അഡ്മിഷൻ അനുവദിക്കണമെന്നും പി.ജി. കോഴ്സുകളുടെ പ്രവേശനത്തിന് സർവകലാശാല നിശ്ചയിച്ചിരിക്കുന്ന മിനിമം മാർക്ക് എടുത്തു കളയണമെന്നും സ്വാശ്രയ കോളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ നൽകണമെന്നും ആയതിലൂടെ മാത്രമേ നാക് അക്രെടിറ്റേഷൻ, യു.ജി.സി. ഫണ്ട് എന്നിവ ലഭ്യമാകുകയുള്ളൂ എന്നും ഭൂമി സംബന്ധമായ കോളേജിൻെറ രേഖകൾ സമർപ്പിച്ച് ലോൺ എടുക്കുവാൻ കോളേജുകളെ അനുവദിക്കണമെന്നും അദ്ധ്യാപകർക്ക് ശമ്പള വർദ്ധനവ് നൽകുന്നതിലേക്കായി ട്യൂഷൻ ഫീസുകൾ വർദ്ധിപ്പിക്കണമെന്നും വിദ്യാർത്ഥികൾ അടയ്ക്കേണ്ട പരീക്ഷ ഫീസ് സംബന്ധിച്ച് അറിയിപ്പ് 10 ദിവസം മുൻപെങ്കിലും സർവകലാശാല നൽകണമെന്നും നിലവിലെ സ്വാശ്രയ കോളേജുകളിലെ ബിൽഡിങ് ടാക്സ്, ഇലക്ട്രിസിറ്റി എന്നിവ കച്ചവട സ്ഥാപന ങ്ങളിലേതുപോലെ ആണ് എന്നും ആയതിന് മാറ്റം വരണമെന്നും ക്യാമ്പസ് ഡിസിപ്ലിനുമായി ബന്ധപ്പെട്ടും വിദ്യാർത്ഥി രാഷ്ടീയത്തിലും ഇലക്ഷൻ കമ്മീഷൻ മാതൃകയിൽ മാനദണ്ഡങ്ങൾ രൂപികരിക്കണമെന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് മൗണ്ട് റോയൽ കോളേജിലെ മാനേജർ ആയ ശ്രീ. റ്റിസ്സൻ തച്ചങ്കരി, എയ്ഡഡ് കോളേജുകളിലെ അൺ എയ്ഡഡ് കോഴ്സുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കു ന്നതിനെക്കുറിച്ചും പി.ജി.ക്ക് 30 സീറ്റുകൾക്ക് അധികമായി മാർജിനൽ ഇൻക്രീസ് അനുവദിക്കില്ലെന്ന നിലപാട് തിരുത്തണമെന്നും അക്കാദമിക് കൗൺസിലുകളിൽ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തേണ്ടതാണ് എന്നും നിലവിലെ മാർജിനൽ ഇൻക്രീസിൻെറ ശതമാനം വർദ്ധിപ്പിക്കണമെന്നും അഭ്യർത്ഥിച്ചു. പി.ജി. വിദ്യാർത്ഥികളുടെ റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിച്ചതിന് സർവകലാശാലയെ അഭിനന്ദിച്ചു.

എം. അബ്ദുൾ ഖാദർ, ഇലാഹിയ കോളേജ്, മൂവാറ്റുപുഴ, ടി. കൊളേജ് 2015 ൽ നാക് അക്രഡിറ്റേഷൻ നേടിയിട്ടുണ്ട് എന്നും ഇതര സർവകലാശാലകളിൽ നാക് അക്രഡിറ്റേഷൻ നേടിയ കോളേജുകൾക്ക് പെർമനൻറ് അഫിലിയേഷൻ നൽകിയിട്ടുണ്ട് എന്നും ടി വിഷയവുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യണമെന്നും നിശ്ചിത കാലയളവ് പൂർത്തിയാക്കിയ കോളേജുകൾക്ക് സ്ഥിര അഫിലിയേഷൻ നൽകണമെന്നും അഭ്യർത്ഥിച്ചു. 2018-19 വർഷത്തിൽ ക്ലാസ് ആരംഭിച്ച് 45 ദിവസം പിന്നിട്ട ശേഷം ക്യാപ് അഡ്മിഷൻ ക്ലോസ് ചെയ്യതിനാൽ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടായി എന്നും ഓൺലൈൻ ചോദ്യപേപ്പറുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള ഫീസ് കുട്ടി നൽകണമെന്നും ബി.എൽ.ഐ.സി. കോഴ്സ് ക്യാപിൽ ഉൾപ്പെടുത്തണമെന്നും, നോമ്പ് കാലത്ത് പരീക്ഷ ഷെഡ്യൂളിൽ വേണ്ട മാറ്റം വരുത്തണമെന്നും അഭ്യർത്ഥിച്ചു.

സെൻറ് ആൻറണീസ് കോളേജിൻെറ മാനേജർ, ഡോ. ആൻറണി നിരപ്പേൽ, പുതു തലമുറ

കോഴ്സുകൾ ആരംഭിക്കണമെന്നും, വിദ്യാഭ്യാസ മേഖലയിൽ സൈൻറിഫിക് അപ്രോച്ച് ഉണ്ടാകേണ്ടതാണ് എന്നും ഇടുക്കി, വയനാട് തുടങ്ങിയ പിന്നോക്ക ജില്ലകൾക്ക് സംവരണം ഏർപ്പെടുത്തി വിദ്യാർത്ഥി പ്രവേശനകാര്യത്തിൽ ടി ജില്ലകളിലെ കോളേജുകൾക്ക് ക്യാപിൽ നിന്നും ഇളവ് നൽകണമെന്നും ക്യാമ്പസ് രാഷ്ടീയം നിയന്ത്രിക്കുകയോ ഒഴിവാക്കുകയോ ചെയ്യണമെന്നും അഭ്യർഥിച്ചു.

എം.ഇ.എസ്. കോളേജ്, ഈരാറ്റുപേട്ട, മാനേജർ പ്രൊ. എം.കെ. ഫരീദ് 2/3 വരുന്ന സ്വാശ്രയ വിദ്യാഭ്യാസ കോളേജുകൾ വിവിധങ്ങളായ പ്രതിസന്ധി നേരിടുന്നതായും കോളേജ് നടത്തികൊണ്ടു പോകുന്നതിനുള്ള സാഹചര്യം ഒരുക്കണമെന്നും അഭ്യർത്ഥിച്ചു. കൂടാതെ പ്രിൻസിപ്പൽ, കോളേജ് ടീച്ചേഴ്സ് എന്നിവർക്ക് സർവകലാശാല എയ്ഡഡ് കോളേജ് മാതൃകയിൽ അംഗീകാരം നൽകേണ്ടതാണ് എന്നും അഭ്യർത്ഥിച്ചു. പരീക്ഷയുമായി ബന്ധപ്പെട്ട് സി.സി.റ്റി.വി. ക്യാമറയിലെ രേഖകൾ എത്രകാലം സൂക്ഷിക്കണം എന്നതിനെ സംബന്ധിച്ച നിർദ്ദേശം സർവകലാശാലയിൽ നിന്നും ഉണ്ടാകേണ്ടതാണ് എന്നും അഭ്യർത്ഥിച്ചു.

അബ്ദുൾ മജീദ്, കെ.എം.ഇ.എ. കോളേജ്, സർവകലാശാല പുതിയ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നുവെങ്കിൽ ആയത് അടിയന്തിരമായി നൽകണമെന്നും കോളേജ് ഇലക്ഷന് ഇലക്ഷൻ കമ്മീഷൻ മാതൃകയിൽ നിയമാവലി കൊണ്ടുവരണമെന്നും അഭ്യർത്ഥിച്ചു.

പിന്നീട് സംസാരിച്ച മൂവാറ്റുപുഴ, അറഫ കോളേജിലെ മാനേജർ, നസീർ അലിയാർ, ക്യാമ്പസ് രാഷ്ട്രീയം കുറ്റമറ്റതാക്കണമെന്നും എക്സാം റെമ്യൂണറേഷൻ നാളിതുവരെയായി അദ്ധ്യാപകർക്ക് ലഭിച്ചിട്ടില്ല എന്നും അറിയിച്ചു.

ഡോ. പി.കെ പദ്മകുമാർ, മെംബർ സിൻഡിക്കേറ്റ്, ടി ചർച്ചയ്ക്കുള്ള മറുപടിയായി മാനേജർമാർ ഉന്നയിച്ച വിഷയങ്ങൾ സർവകലാശാല ഉന്നതാധികാരസമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വരുന്നതാണ് എന്ന് അറിയിച്ചു. കൂടാതെ ഡോ. ആർ. പ്രഗാഷ്, മെബർ സിൻഡിക്കേറ്റ് തുടർന്നും എല്ലാ മാനേജർമാരും സർവകലാശാലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചു.

മീറ്റിംഗ് 12.47 പി.എം. ന് അവസാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം